## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1631

19.01.2021 ൽ മറുപടിക്ക്

## കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ

**ചോദ്യം**
ശ്രീമതി. ഷാനിമോൾ ഉസ്മാൻ

**മറുപടി**
എ. സി. മൊയ്തീൻ
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുടുംബശ്രീയുടെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | കുടുംബശ്രീയുടെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിന് ചുവടെ ചേർത്ത നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br>1. 41,962 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ സാധിച്ചു.<br>2. വയോജനങ്ങൾക്ക് വേണ്ടി 25992 പ്രത്യേക അയൽക്കൂട്ടവും, ഭിന്നശേഷിക്കാർക്ക് വേണ്ടി 3352 അയൽക്കൂട്ടവും 48 ട്രാൻസ്ജെന്റർ അയൽക്കൂട്ടവും, 7135 ട്രൈബൽ അയൽക്കൂട്ടവും രൂപീകരിക്കാൻ സാധിച്ചു.<br>3. 2.77 ലക്ഷത്തോളം വരുന്ന അയൽക്കൂട്ടങ്ങളിൽ 'കുടുംബശ്രീ സ്കൂൾ' എന്ന പേരിൽ സാമൂഹ്യാധിഷ്ഠിത പഠന കളരി സംഘടിപ്പിച്ചു. കുടുംബശ്രീ പദ്ധതികളെക്കുറിച്ചും, ഗവൺമെന്റുകളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും കൃത്യമായ അറിവ് നൽകുന്നതിന് ഈ പഠന സ്കൂൾ വഴി സാധിച്ചു.<br>4. മുഴുവൻ സി.ഡി.എസ്, എ.ഡി.എസ് ഭാരവാഹികൾക്കും ഈ കാലയളവിൽ പരിശീലനം നൽകാൻ സാധിച്ചു.<br>5. സി.ഡി.എസ് ചെയർപേഴ്സൺമാരുടെ ഹോണറേറിയം 4000 രൂപയിൽ നിന്ന് 7000 രൂപയായി വർധിപ്പിച്ചു.<br>6. തീരദേശ മേഖലയിലെ അയൽക്കൂട്ടങ്ങളിൽ പ്രത്യേക ഇടപെടൽ നടത്തുന്നതിനായി 81 കമ്മ്യൂണിറ്റി വോളണ്ടിയർമാരെ |

| | | | |
|---|---|---|---|
| | | | നിയമിക്കുകയും, 6,000 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 15,000/- രൂപ വീതം 9 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു.<br>7. 2017, 2018, 2019 എന്നീ മൂന്ന് വർഷങ്ങളിൽ തുടർച്ചയായി അയൽക്കൂട്ടം മുതൽ സംസ്ഥാന തലം വരെ അയൽക്കൂട്ടാംഗങ്ങളുടെ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി 'അരങ്ങ്' എന്ന പേരിൽ കലോത്സവം സംഘടിപ്പിച്ചു.<br>8. ആദിവാസി മേഖലകളിൽ കുടുംബശ്രീ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 7 സ്ഥലങ്ങളിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ. ഇതിലൂടെ നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ്; | (ബി) | ഉണ്ട്. 14 ജില്ലകളിലായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ 649 ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രാദേശികമായി തന്നെ സ്ത്രീകൾക്കും കുട്ടികൾക്കും മാനസിക പിന്തുണയും കൗൺസിലിംഗ് സൗകര്യവും ലഭ്യമാക്കുക എന്നത് ജൻഡർ റിസോഴ്സ് സെന്ററുകളുടെ ഒരു പ്രധാന ലക്ഷ്യമാണ്. ഈ സെന്ററുകളിൽ ആഴ്ചയിൽ രണ്ടു ദിവസം വീതം കൗൺസിലിംഗ് സേവനം ലഭ്യമാണ്. കുടുംബശ്രീയുടെ കമ്മ്യൂണിറ്റി കൗൺസിലർമാരാണ് സെന്ററുകളിൽ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നത്.<br>പ്രാദേശികമായി സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ മാനസിക പിന്തുണ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് കമ്മ്യൂണിറ്റി കൗൺസിലിംഗ്. പ്രശ്നങ്ങൾ അനുഭവിക്കുന്നവർക്ക് പലപ്പോഴും എങ്ങനെ സഹായം തേടണം എന്ന് അറിയാത്തതിനാൽ പല സേവനങ്ങളും ലഭ്യമാകാതെ വരാറുണ്ട്. ഈ സാഹചര്യത്തിലാണ് പ്രാദേശിക തലത്തിൽ കമ്മ്യൂണിറ്റി കൗൺസിലർമാരെ പരിശീലനം നൽകി വിന്യസിച്ചിട്ടുള്ളത്. ഇത് കൂടാതെ പോലീസ് സ്റ്റേഷനുകൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | | കേന്ദ്രീകരിച്ചും വിവിധ ജില്ലകളിൽ കൗൺസിലിംഗ് സേവനം കുടുംബശ്രീ ലഭ്യമാക്കുന്നുണ്ട്. |
| (സി) | സമൂഹത്തിൽ സ്ത്രീകൾക്കും, കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് നിയമപരമായ അവബോധം സൃഷ്ടിക്കുന്നതിനും, കുടുംബശ്രീക്ക് നിലവിലുള്ള സംവിധാനം എന്താണ്; | (സി) | സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി 14 ജില്ലകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന സേവന കേന്ദ്രമാണ് സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്. ഏതെങ്കിലും പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്കും 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും സൗജന്യ സേവനത്തിനായി സ്നേഹിതയെ ആശ്രയിക്കാവുന്നതാണ്. സ്നേഹിതയിൽ സേവനത്തിനും പിന്തുണയ്ക്കുമായി എത്തുന്നവർക്ക് താത്കാലിക താമസ സൗകര്യവും കൗൺസിലിംഗും പുനരധിവാസ സഹായങ്ങളും മറ്റ് വകുപ്പുകളുമായി ചേർന്ന് നിയമ-ആരോഗ്യ പരിരക്ഷയും നൽകുന്നു. സെന്ററുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലി കൗൺസിലിങ്ങ് സേവനവും ലഭ്യമാണ്. ഓരോ കേന്ദ്രങ്ങളിലും കൗൺസിലർ, സേവനദാതാക്കൾ, സെക്യൂരിറ്റി, ഓഫീസ് അസിസ്റ്റന്റ്, കെയർ ടേക്കർ തുടങ്ങിയ തസ്തികകളിലായി 11 പേർ വീതം ജോലി ചെയ്യുന്നു. കൂടാതെ 14 ജില്ലകളിലേയും സ്നേഹിത സെന്ററിനോട് അനുബന്ധമായി കെൽസെയുമായി ചേർന്ന് സൗജന്യ നിയമസഹായം ലഭ്യമാക്കുന്ന ലീഗൽ ക്ലിനിക്കുകളും പ്രവർത്തിക്കുന്നു. കൂടാതെ സ്നേഹിതയുടെയും, കമ്മ്യൂണിറ്റി കൗൺസിലർ മാരുടെയും, ജെൻഡർ റിസോഴ്സ് പേഴ്സൺമാരുടെയും നേതൃത്വത്തിൽ വിവിധ അവബോധ പ്രവർത്തനങ്ങളും, ക്യാമ്പയിനുകളും നടത്തിവരുന്നു. പിന്നോക്ക മേഖലകളെ കണ്ടെത്തി പ്രത്യേക പ്രവർത്തനങ്ങളും കുടുംബശ്രീ നടത്തിവരുന്നു. |
| (ഡി) | ലൈഫ് മിഷൻ പദ്ധതികളുമായി ബന്ധപ്പെട്ട ഭവന നിർമ്മാണ പദ്ധതികളിൽ കുടുംബശ്രീ വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ? | (ഡി) | പ്രധാനമന്ത്രി ആവാസ് യോജന (നഗരം) - ലൈഫ് പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി എന്ന നിലയ്ക്ക് കുടുംബശ്രീ താഴെപറയുന്ന ചുമതലകളാണ് വഹിക്കുന്നത്.<br>• പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ മാർഗ്ഗരേഖകൾ, സർക്കുലറുകൾ എന്നിവ തയ്യാറാക്കുക. ആവശ്യമായ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുക. |

| | | | |
|---|---|---|---|
| | | | • നഗരസഭകൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി ബന്ധപ്പെട്ട കമ്മിറ്റികൾക്ക് മുമ്പാകെ സമർപ്പിക്കുക. സംസ്ഥാനതല സമിതികളുടെ അംഗീകാരത്തോടെ കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുക.<br>• അംഗീകാരം ലഭ്യമായ പദ്ധതികളുടെ സമയബന്ധിമായ നിർവ്വഹണം ഉറപ്പാക്കുക. പദ്ധതി നിർവ്വഹണത്തിന് നഗരസഭയ്ക്ക് വേണ്ട സാങ്കേതിക പിന്തുണ നൽകുക.<br>• പദ്ധതി നിർവ്വഹണം നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക.<br>• ധനവിനിയോഗ സാക്ഷ്യപത്രം യഥാസമയം സമർപ്പിക്കുക, യഥാസമയം കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ലഭ്യമാക്കുക. പദ്ധതി പുരോഗതിക്ക് അനുസൃതമായി നഗരസഭകൾക്ക് പദ്ധതി തുക ലഭ്യമാക്കുക.<br>• നഗരസഭ വിഹിതം കണ്ടെത്താൻ സാധിക്കാത്ത നഗരസഭകൾക്ക് അധിക ധനസമാഹരണം നടത്തുന്നതിനുള്ള പിന്തുണ നൽകുക.<br>• കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതെന്ന് ഉറപ്പാക്കുക. |

സെക്ഷൻ ഓഫീസർ